## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2033 11.06.2018-ൽ മറുപടിക്ക്**

# ദേശീയ / സംസ്ഥാന പാർട്ടി ആസ്ഥാന മന്ദിരങ്ങൾക്ക് പോലീസ് കാവൽ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. എം. ഷാജി | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഏതൊക്കെ ദേശീയ / സംസ്ഥാന പാർട്ടികളുടെ ആസ്ഥാന മന്ദിരങ്ങൾക്ക് പോലീസ് കാവൽ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഏതൊക്കെ പാർട്ടികളുടെ ആസ്ഥാന മന്ദിരങ്ങൾക്കാണ് പോലീസ് കാവൽ തുടർന്നും നൽകി വരുന്നതെന്ന് അറിയിക്കാമോ;<br><br>(സി) എത്ര വീതം പോലീസുകാരെയാണ് കാവൽ ഡ്യൂട്ടിയ്ക്കായി ഒരേ സമയം നിയോഗിച്ചിരിക്കുന്നത്; ഈ ഇനത്തിൽ ആകെ എത്ര തുകയുടെ ചെലവ് ഉണ്ടാകുന്നു; പാർട്ടി ഓഫീസ് തരംതിരിച്ച് ഇവയുടെ വിശദവിവരം നൽകുമോ? | (എ) യും (ബി) യും (സി) യും | രാഷ്ട്രീയ പാർട്ടികളുടെ ആസ്ഥാന മന്ദിരങ്ങൾക്കൊന്നും തന്നെ പോലീസ് കാവൽ നൽകി വരുന്നില്ല. എന്നാൽ സുരക്ഷ ഭീഷണി നിലനിന്ന പ്രത്യേക സാഹചര്യങ്ങളിൽ ബി.ജെ.പിയുടെ സംസ്ഥാന കമ്മിറ്റി ഓഫീസിനും തിരുവനന്തപുരം ജില്ലാ കമ്മിറ്റി ഓഫീസിനും എ.കെ.ജി സെന്ററിനും താൽകാലിക സുരക്ഷ ഉണ്ട്.<br><br>ബി.ജെ പിയുടെ സംസ്ഥാന കമ്മിറ്റി ഓഫീസ് - അഞ്ച് പോലീസുകാർ<br><br>ബി.ജെ പിയുടെ ജില്ലാ കമ്മിറ്റി ഓഫീസ് - മൂന്ന് പോലീസുകാർ<br><br>എ.കെ.ജി സെന്റർ - എട്ട് പോലീസുകാർ<br><br>ക്രമസമാധാനനില സംരക്ഷിക്കുന്നതിന്റെ ഭാഗമായാണ് പോലീസ് സുരക്ഷ നൽകിയിരിക്കുന്നത്. ആയതിനാൽ പോലീസുകാർക്ക് പ്രത്യേക തുക നൽകേണ്ടതില്ല. |

**സെക്ഷൻ ഓഫീസർ**